(സി) പുതിയ നിരക്ക് 1985 മാർച്ച് 26-ാം തീയതിയിലെ ഗസറ്റിൽ (നമ്പർ 13) അതോറിറ്റി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) അതോറിറ്റി ആർഡർ നമ്പർ കെ. ഡബ്ലിയു. ആൻറ് ഡബ്ലിയു. ഡബ്ലിയു. എ. എച്ച്. ഒ. 3558/85 തീയതി 20-3-1985 കേരള വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ ഓർഡിനൻസ് പ്രകാരം ഇക്കാര്യത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ കേരള ജല മലിനജല അതോറിറ്റിക്ക് അധികാരമുണ്ട്.

കാക്കടവ് ജലസേചന പദ്ധതി

265 [437] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കാക്കടവ് ജലസേചന പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പദ്ധതി പ്രദേശത്തു പ്രവർത്തിച്ചു വരുന്ന ഓഫീസുകൾ മാറ്റിയതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒരു തീരുമാനവും എടുത്തിട്ടില്ല.

(ബി) കാക്കടവ് ജലസേചനപദ്ധതിയുടെ ജലസംഭരണി പ്രദേശത്തു കുടിയേറി പാർത്ത കർഷകർ ഈ പദ്ധതി സാമ്പത്തികമായി ഒരു നഷ്ടമായിരിക്കുമെന്നും അതുകൊണ്ട് പദ്ധതിയെപ്പറ്റി ഒരു പുനഃപഠനം നടത്തണമെന്നും ആവശ്യപ്പെടുകയുണ്ടായി. ഗവൺമെൻറ് അതിനെത്തുടർന്നു സെൻട്രൽ വാട്ടർ കമ്മീഷനിലെ രണ്ട് അംഗങ്ങളെക്കൊണ്ട് ഒരു പുനഃപഠനം നടത്തിച്ചു. അവരുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഗവൺമെൻറ് പദ്ധതിയുടെ ഭാവിയെ കുറിച്ച് ഒരു തീരുമാനം ഇതുവരെ എടുത്തിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിക്കുവേണ്ടി ബഡ്ജറ്റിൽ ശണ്യമായ തുക വക കൊള്ളിച്ചിരുന്നില്ല. അതുകൊണ്ട് പദ്ധതിയുടെ ചില ഓഫീസുകൾ അവിടെ നിന്നും താൽക്കാലികമായി മാറ്റിയിട്ടുണ്ട് (റീ ഡിപ്ലോയ് ചെയ്തിട്ടുണ്ട്).

പള്ളംഗോഡ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

266. [438] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലുള്ള ബേഡമ്പാടി പഞ്ചായത്തിൽ പള്ളംഗോഡ് തുടങ്ങാൻ നിർദ്ദേശിക്കപ്പെട്ട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം എന്നാരംഭിക്കും ?

ഉത്തരം

പള്ളംഗോഡ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിനുശേഷം മേൽനടപടികൾ എടുക്കുന്നതാണ്.

Payaswini Moonamkadavu Irrigation

267. [439] Dr. A. Subha Rao : Will the Minister for Irrigation be pleased to state :

(1) what is the present stage of Payaswini, Moonamkadavu Irrigation Projects in Kasargode District ;

LIBRARY ARCHIVES Kerala Legislative Assembly

(2) whether the preliminary survey of these projects are over and if so what is the rough estimate of these projects ;

(3) when will these projects be taken up ?

Answer

(1) These projects are only in the preliminary investigation stage.

(2) Preliminary surveys of these projects have not been completed so far.

(3) A decision can be taken only after getting the project reports and examination of the same.

മൂന്നാം കടവ് പയസ്വിനി ജലസേചന പദ്ധതികൾ

268. [440] ശ്രീ കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ നിർദ്ദിഷ്ട മൂന്നാംകടവ്, പയസ്വിനി ജലസേചന പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറായോ ;

(ബി) ഈ പദ്ധതികൾ തുടങ്ങുന്നതിനുള്ള നടപടികളെടുക്കുമോ ?

ഉത്തരം

(എ) ഇല്ല. പ്രിലിമിനറി റിപ്പോർട്ട് തയ്യാറാക്കുന്ന പണികൾ നടന്നു വരുന്നു.

(ബി) പ്രോജക്ട് റിപ്പോർട്ടുകൾ പരിശോധിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ പറ്റുകയുള്ളൂ.

ജല മലിനജല അതോറിറ്റിയുടെ കോഴിക്കോട് ഡ്രെയിനേജ് ഡിവിഷനിലെ ഡ്രൈവർ തസ്തികയ്ക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെൻറ്

269. [441] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല മലിനജല അതോറിറ്റിയുടെ കോഴിക്കോട് ഡ്രെയിനേജ് ഡിവിഷനിലെ ഡ്രൈവർ തസ്തികയിലേക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെൻറ് പ്രകാരം പി. എസ്. സി. തെരഞ്ഞെടുത്ത രണ്ടു ഹരിജനങ്ങളെ അവിടെ നിയമിക്കാതിരുന്നത് സംബന്ധിച്ച് വല്ല പരാതിയും സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് ഡ്രെയിനേജ് ഡിവിഷനിലെ വണ്ടി മലപ്പുറത്തേക്ക് ഐമാറ്റം ചെയ്യപ്പെട്ടതിനാലാണ് ഡ്രൈവറെ അങ്ങോട്ടു മാറ്റി നിയമിക്കേണ്ടി വരുന്നത്. പിന്നീട് ഡ്രെയിനേജ് ഡിവിഷനിൽ ഒഴിവു വന്നപ്പോൾ അതിലേക്ക് തിരിയെ സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ട്. ഡ്രെയിനേജ് ഡിവിഷനിൽ ഒഴിവ് ഇല്ലാത്ത സാഹചര്യത്തിലാണ് രണ്ടാമത്തെ ആളിനെ വടകര ഡിവിഷനിൽ നിയമിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly